# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1562 - 04/10/2016 - ലെ മറുപടിക്ക്**

## റബ്ബർ മേഖലയിലെ പ്രതിസന്ധി

**ചോദ്യം** **ഉത്തരം**

**ശ്രീ.കെ.വി.വിജയദാസ്**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| (എ) | റബ്ബർ മേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിന്, മാന്ദ്യ വിരുദ്ധ പാക്കേജിന്റെ ഭാഗമായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതുമായ കർമ്മപരിപാടികളുടെ വിശദവിവരം നൽകുമോ? | റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ ഒരു 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കി വരികയാണ്. 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 300 കോടിരൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. ഈ തുക മുഴുവൻ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 29.09.2016 വരെ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൻ കീഴിൽ 284.41 കോടി രൂപ സബ്സിഡിയായി റബ്ബർ കർഷകർക്ക് നൽകിയിട്ടുണ്ട്. 2016 ജൂൺ 30 ന് അവസാനിച്ച ഒന്നാംഘട്ടത്തിന്റെ തുടർച്ചയായി ഈ പദ്ധതിയുടെ രണ്ടാംഘട്ടം 2016 ജൂലൈ 1 മുതൽ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്ത റബ്ബർ കർഷകർക്ക് രണ്ടാംഘട്ടത്തിൽ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു. റബ്ബർ കർഷകർക്ക് നേരിട്ട് സഹായം ലഭ്യമാക്കിക്കൊണ്ട് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി സുഗമമായി നടപ്പിലാക്കിവരികയാണ്. |

*അക്കൗണ്ട്സ് ഓഫീസർ*